61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 956 Participant Code: 112

# ആത്മത്യാഗി

നിലയ്ക്കാതെ ചലിക്കുന്ന കാലചക്രം തിരിക്കുന്ന കൈകൾ
നീലാകാശത്തിൽ പതിച്ച കാൽപ്പാടുകൾ
ഒരു തിരിഞ്ഞു നോട്ടത്തിൽ കണ്ണീരോ പുഞ്ചിരിയോ
ഈ മനതാരിൽ നിറയും വേദനയോ അതോ ആനന്ദമോ ?
മാമുണ്ണാൻ അമ്മ കാട്ടിത്തന്ന അമ്പിളിമാമനെയും കയ്യെത്തിപ്പിടിച്ചു
കണ്ണുചിമ്മും നക്ഷത്രങ്ങൾ തൻ കൊച്ചു വീടും തൊട്ടുപിടിച്ചു
മത്സ്യകന്യക തൻ മണിമാളികയോളം ചെന്നെത്തി നോക്കി
യുഗങ്ങളോളം ഓടിയ പടികാലത്തെയും കൈപ്പിടിയിലൊതുക്കി
സീമാതീതമായി അറിവെല്ലാം കുന്നുകൂടി
ചരിത്രവും ശാസ്ത്രവും പുതിയ മാനങ്ങൾ കണ്ടു
ജീവനും ജീവിയും കായവും പഠനവിഷയമായി
ഒടുക്കമില്ലാതൊഴുകുന്ന യാത്ര
പുതുമയിൽ നിന്ന് പുതുമയിലേക്കുള്ള യാത്ര
നീണ്ടൊരീ യാത്രയിൽ തിരിഞ്ഞുനോക്കുമ്പോൾ
എന്തുകൊണ്ടോ ഒരു തുള്ളി ചോര പൊടിഞ്ഞു ;
ഹൃദയത്തിൽ നിന്നും

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ഹൃദയം നുറുങ്ങുന്നു , വിരലിൽ പൊടിയുന്നു
മനസ്സിന്റെ കോണിൽ വേദന തളം കെട്ടുന്നു
ദീർഘമാമീ യാത്രയിലെവിടെയോ
എനിക്കെന്തെല്ലാമോ നഷ്ടമായി
പതിവെനങ്ങൾ വഴിമാറ്റി ;
പുതിയ പാതകൾ വെട്ടി ഞാൻ
ഞാനെനിക്കായി സ്വന്തങ്ങൾ തീർത്തു ; മനസ്സിനും
'ഞാൻ, എനിക്കായി, എന്റെ' പുറകെ ഓടി
ഈ തിരക്കിലെവിടെയോ എനിക്കെന്റെ പുഞ്ചിരി നഷ്ടമായി
അയൽവക്കം അന്യമായി ; ബന്ധങ്ങൾ ബന്ധനങ്ങളായി
വീണു പിടയുന്നവനായി കൈ നീട്ടാൻ മറന്നു പോയി
'എന്റെ' ലോകത്തിലെവിടെയോ
എനിക്കെന്റെ സ്നേഹവും സാഹോദര്യവും നഷ്ടമായി
മൊബൈൽ സ്ക്രീനുകൾ തട്ടിയെടുത്ത പെരുന്നാളും പൂരവും
തുമ്പിക്കും പൂമ്പാറ്റയ്ക്കും പുറകെ ഓടാൻ മറന്ന കാലുകൾ
മുത്തശ്ശിക്കഥകളായ അമ്മാവനും കണിയും
എവിടെയോ എനിക്കെന്റെ ബാല്യം നഷ്ടമായി.
കാട്ടുപൂഞ്ചോലകൾ ഓട്ടം നിർത്തി
തെന്നലും തണലും എവിടെയോ പോയി
അണ്ണാറക്കണ്ണന്മാർ വിരുന്നുണ്ണാൻ മറന്നുപോയി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 956 Participant Code: 112

വസന്തവും ശിശിരവും വഴി വന്നു പോയി
എവിടെയോ എനിക്കെന്റെ പ്രകൃതിയെ നഷ്ടമായി
ടി.വി.യും സീരിയലും സിനിമയും ഇന്റർനെറ്റും
എനിക്കായ് സായാഹ്നങ്ങൾ ഒരുക്കി
ജോലിയും തിരക്കും 'ഞാനും' അതിനു മാറ്റുകൂട്ടി
എന്റെ ലോകത്തിലെവിടെയോ എനിക്കെന്റെ
നല്ല കുടുംബ നിമിഷങ്ങൾ നഷ്ടമായി
എനിക്കെന്റെ പുഞ്ചിരിയും എനിക്കെന്റെ സ്നേഹവും
എനിക്കെന്റെ സാഹോദര്യവും എനിക്കെന്റെ ബാല്യവും
എനിക്കെന്റെ കുടുംബവും നഷ്ടമായി
ദിശമാറി യാത്രയിൽ എനിക്കെന്തെല്ലാമോ നഷ്ടമായി
എനിക്കെന്നെ എവിടെയോ നഷ്ടമായി
നഷ്ടങ്ങളിലേക്കോരോന്നായി പടിയിറങ്ങുമ്പോൾ
ആ പടി കയറി ആരോ എന്നെ തേടിയെത്തി
ലഹരിക്കടിമയാം ഒരു തലമുറ ആ കതകിൽ തട്ടി വിളിച്ചു.
രക്തപങ്കിലമാം ഒരു സമൂഹം എന്നെ കാത്തിരുന്നു
നഷ്ടങ്ങളും നേട്ടങ്ങളും എന്നെ ഒരു പുതിയ മനുഷ്യനാക്കി
ഞാനൊരു പുതിയ മനുഷ്യനായി
മനുഷ്യത്വമറ്റ മനുഷ്യനായി.....
'ആത്മ'ത്യാഗിയാം മനുഷ്യനായി...

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)